# പതിമൂന്നാം കേരള നിയമസഭ

## (പതിനഞ്ചാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2009 07/12/2015-ൽ മറുപടിയ്ക്ക്**

**കല്ലാനോട് സഹകരണ മത്സ്യ ഹാച്ചറി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി:** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) ബാലുശ്ശേരി അസംബ്ളി മണ്ഡലത്തിലെ കല്ലാനോട് സഹകരണ മത്സ്യ ഹാച്ചറിയിൽ എന്തെല്ലാം വികസന പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അവയുടെ പുരോഗതി വിശദമാക്കുമോ? | (എ) കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി അസംബ്ളി മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കല്ലാനോട് മത്സ്യ ഹാച്ചറിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 410 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് നിർവ്വഹിക്കുന്നത്. നിലവിൽ ടി ഹാച്ചറി പെരുവണ്ണാമൂഴി പട്ടികജാതി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘമാണ് 6/11/86 മുതൽ പ്രവർത്തിപ്പിച്ചുവരുന്നത്. തുടക്കത്തിൽ മത്സ്യ വിത്ത് ഉല്പാദനം നിർവ്വഹിക്കപ്പെട്ടിരുന്നുവെങ്കിലും 25/8/2009 മുതൽ 8/6/2014 വരെ ടി ഹാച്ചറി പ്രവർത്തന രഹിതമായിരുന്നു. ആയതിനാൽ ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ടി ഹാച്ചറി പ്രവർത്തിപ്പിക്കത്തക്ക തരത്തിലും ഉല്പാദന ശേഷി കൂട്ടുന്നതിനും വേണ്ട അടിസ്ഥാന സൗകര്യങ്ങളായ ജല സംഭരണി, പുതിയ വെർട്ടിക്കൽ കുളങ്ങൾ, ബ്രൂഡർ ടാങ്കുകൾ, സെമി നാച്വറൽ പോണ്ടുകൾ, കണ്ടീഷണിംഗ് കുളങ്ങൾ, ഡ്രെയിനേജ് കനാൽ, സെയിൽസ് ഔട്ട്ലെറ്റ് എന്നിവയുടെ നിർമ്മാണം, വൈദ്യുതീകരണം തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയി ട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ആഫീസർ**